(ബി) ഉണ്ടെങ്കിൽ ഇത്തരം പരാതികളും ലഭിച്ചിട്ടും പ്രസ്തുത വിൽപ്പനശാലകളും യഥാസ്ഥാനങ്ങളിൽ ഇപ്പോഴും പ്രവർത്തിച്ചു പോരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം മദ്യ വിൽപ്പനശാലകളും പരാതിയുടെ അടിസ്ഥാനത്തിൽ എങ്കിലും തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികളും ലഭിച്ചിട്ടുള്ളപ്പോഴും പരാതിക്ക് കാരണമായ മദ്യഷാപ്പ് ഉടൻതന്നെ അവിടെനിന്നും നിയമാനുസൃതമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആരാധനാലയങ്ങളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, ശ്മശാനം തുടങ്ങിയവയുടെ 400 മീറ്റർ പരിധിക്കുള്ളിൽ മദ്യഷാപ്പുകളും നടത്താൻ അനുമതി നൽകരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. സെലക്ടഡ് ബ്ലാക്ക്സ്മിത്ത് അസോസിയേഷന്റെ മെമ്മോറാണ്ടം

1235 [1976] ശ്രീ. എ. നീലലോഹിദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് പി.എസ്.സി. സെലക്ടഡ് ബ്ലാക്ക് സ്മിത്ത് അസോസിയേഷൻ ഗവൺമെൻറിന് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ മെമ്മോറാണ്ടത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത മെമ്മോറാണ്ടത്തിലെ ആവശ്യം കെ.എസ്. ആർ.ടി.സി. പരിഗണിച്ചുകൊണ്ടിരിക്കുന്നു.

കിളിമാന്നൂർ—ആറ്റിങ്ങൽ ബസ് സർവ്വീസ്

1236 [1977] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂരിൽനിന്നും ആറ്റിങ്ങലേക്ക് രാവിലെ 5.30 ന് ശേഷം ഒരു മണിക്കൂർ സമയത്തേക്ക് ബസ് സർവ്വീസ് ഇല്ല എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly